# ശ്രീ മന്നത്തുപത്മനാഭനെ
# അറിയാൻ

സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെ ജീവിതം നായർ സർവീസ് സൊസൈറ്റിയുടെ ഉത്ഭവത്തിന്റെയും വളർച്ചയുടെയും ചരിത്രവും ഒരു പരിധിവരെ ആധുനികകേരളത്തിന്റെ ചരിത്രവുമാണ്.

സമുദായത്തിന്റെയും സമൂഹത്തിന്റെയും രാജ്യത്തിന്റെയും ഉന്നമനത്തിനും നവീകരണത്തിനുമായിട്ടാണ് അദ്ദേഹം തന്റെ ജീവിതവും ഊർജ്ജവും പൂർണ്ണമായും സമർപ്പിച്ചത്.

മന്നത്തു പത്മനാഭൻ കേരളസമൂഹത്തിനു നല്കിയ സംഭാവനകൾ നായർസമുദായത്തിലെ നവീകരണപ്രവർത്തനങ്ങളിൽ മാത്രം ഒതുങ്ങുന്നില്ല. മറിച്ച്, അത് കേരളസമൂഹത്തിന്റെ സാമൂഹിക - രാഷ്ട്രീയ അതിർവരമ്പുകളെ മറികടക്കുകയും ചെയ്തിട്ടുണ്ട്.

ഹിന്ദുസമൂഹത്തിലെ അധഃസ്ഥിതവിഭാഗങ്ങളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തുന്നതിൽ പ്രധാന പങ്കു വഹിച്ച മന്നത്തുപത്മനാഭൻ, അവരെ നവീകരിക്കുന്നതിനുള്ള സമരങ്ങളിലാണ് ഏറെയും പങ്കെടുത്തിട്ടുള്ളത്.

അദ്ദേഹം ഒരു ബഹുമുഖപ്രതിഭയായിരുന്നു. പ്രഗത്ഭനായ ഒരു സാമൂഹികപരിഷ്ക്കർത്താവ്, അജയ്യനായ സംഘാടകൻ, പ്രായോഗികരാഷ്ട്രീയക്കാരൻ, പ്രതിഭാധനനായ പ്രസംഗകൻ, ശക്തമായ അക്ഷരങ്ങളുള്ള എഴുത്തുകാരൻ, ആകർഷകമായ വ്യക്തിത്വം.....

ഈ യാഥാർത്ഥ്യങ്ങൾ അറിയേണ്ടവിധം അറിയാനോ അറിയിക്കാനോ കഴിഞ്ഞിട്ടില്ല എന്നുള്ള വസ്തുത, ചരിത്രസംഭവങ്ങൾ പോലും വളച്ചൊടിക്കുന്ന ഈ കാലഘട്ടത്തിൽ, രാജ്യസ്നേഹികളായിട്ടുള്ള എല്ലാവരും തിരിച്ചറിയേണ്ടതുണ്ട്.

അതറിയുന്നതിന് അത്യാവശ്യമായ രേഖകളും പുസ്തകങ്ങളും ഉണ്ടെങ്കിലും അവയിൽ ഭൂരിപക്ഷവും മലയാളികൾക്കുമാത്രം പ്രാപ്തമായിട്ടുള്ളതാണ്.




ഈ പ്രത്യേക സാഹചര്യം കണക്കിലെടുത്താണ് മന്നത്തുപത്മനാഭന്റെ മഹത്തായ സേവനങ്ങൾ എന്തൊക്കെയായിരുന്നു എന്ന് അദ്ദേഹത്തിന്റെ ജീവചരിത്രം, പ്രസംഗങ്ങൾ, പ്രസ്താവനകൾ എന്നിവയിൽനിന്നും അടർത്തിയെടുത്ത് ലോകത്തെ അറിയിക്കുന്നതിനുവേണ്ടി പെരുന്ന എൻ.എസ്.എസ്. ഹിന്ദുകോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ. സുജാത എസ്. ഇംഗ്ലീഷിൽ തയ്യാറാക്കിയ ഗ്രന്ഥങ്ങൾ എൻ.എസ്.എസ്. പ്രസിദ്ധീകരിക്കുന്നത്.

'ശ്രീ മന്നത്തു പത്മനാഭൻ - ലിവിംഗ് ബിയോണ്ട് ദ ഏജസ്' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത് ഗവേഷണലേഖനങ്ങളുടെ ഒരു സമാഹാരംകൂടിയാണ്. 'ശ്രീ മന്നത്തു പത്മനാഭൻ : വിഷൻ ഓഫ് ഹിന്ദുയിസം' എന്ന ഗ്രന്ഥം തയ്യാറാക്കിക്കഴിഞ്ഞു; ഉടനെതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.